Website www.img.kerala.gov.in
[illegible]gmail.com
Telephone 0471-2304229
Fax 0471-2302391

# INSTITUTE OF MANAGEMENT IN GOVERNMENT

*(An Autonomous Body Constituted by the Government of Kerala)*

**Vikas Bhavan P.O.**
**Thiruvananthapuram**

നമ്പർ. ഐ.എം.ജി-തിരു/172/2025-എ3 തീയതി:01.08.2025

## ലേല/ക്വട്ടേഷൻ നോട്ടീസ്

ഐ.എം.ജി.യി ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള KL 01 BA 4490 ലോഗൻ കാർ നിലവിലുള്ള അവസ്ഥയിൽ (as is where is basis) ലേലം/ക്വട്ടേഷൻ ക്ഷണിച്ച് വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു .

ലേലം ചെയ്യുന്ന വാഹനത്തിന്റെ വിവരങ്ങൾ

| വാഹന/രജി. നം | രജിസ്ട്രേഷൻ വർഷം | നിരതദ്രവ്യം | ലേല തീയതി | ലേലം നടത്തുന്ന സ്ഥലം |
|---|---|---|---|---|
| LOGAN കാർ (KL 01 BA 4490) | 2011 | **Rs.2000/-** | 13.08.2025-ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് | **ഐഎംജി മെയിൻ ക്യാമ്പസ് വികാസ് ഭവൻ പി.ഒ തിരുവനന്തപുരം** |

വാഹനം/ബന്ധപ്പെട്ട പ്രമാണങ്ങൾ പരിശോധിക്കാൻ താല്പര്യമുള്ളവർക്ക് ലേലദിവസത്തിനു മുൻപുള്ള ദിവസങ്ങളിൽ ഐഎംജി സെക്രട്ടറിയുടെ അനുവാദത്തോടെ രാവിലെ 11 മണി മുതൽ വൈകിട്ട് 4 മണി വരെ അതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. ലേലത്തിനു ശേഷം ഉന്നയിക്കുന്ന യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

ലേല വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 13.08.2025-ന് ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് ലേലസ്ഥലത്ത് ഹാജരായി വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.
2. ലേലത്തിൽ പങ്കെടുക്കുവാൻ നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ തിരിച്ചറിയൽ രേഖ (ആധാർ കാർഡ്/വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്/ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ്) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

3. ലേലത്തിൽ വിജയിക്കുന്നയാളിന്റെ നിരതദ്രവ്യം വിൽപന വിലയിലേയ്ക്ക് നീക്കി വയ്ക്കുന്നതും, മറ്റുള്ളവരുടെ നിരതദ്രവ്യം ലേലത്തിന് ശേഷം തിരികെ നൽകുന്നതുമാണ്.
4. സീൽ ചെയ്ത ക്വട്ടേഷനുകൾ സെക്രട്ടറി, ഐ.എം,ജി, തിരുവനന്തപുരം എന്ന വിലാസത്തിൽ 13/08/2025-ന് 11 മണിക്കകം ലഭ്യമാക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ് (നിരതദ്രവ്യം)(സെക്രട്ടറി, ഐ.എം.ജി. തിരുവനന്തപുരം എന്ന പേരിൽ എടുത്തത്), തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.
5. ലേലം വിളി അവസാനിച്ചാലുടൻ ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിന്റെയോ ക്വട്ടേഷന്റെയോ തുകയിൽ ഏതാണോ കൂടുതൽ, ആയതിന് ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. പ്രസ്തുത വ്യക്തി ലേലം/ ലേല/ക്വട്ടേഷൻ തുകയുടെ പകുതി തുക (നികുതി ഉൾപ്പെടെ) ലേലസ്ഥലത്ത് വച്ച് അടച്ച് രസീത് നൽകേണ്ടതാണ്. നിരതദ്രവ്യം കഴിച്ചുള്ള തുക അടച്ചാൽ മതിയാകും.
6. നിരതദ്രവ്യം ഉൾപ്പെടെ 50% തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന വിജയിയുടെ നിരതദ്രവ്യം ഐഎംജിയിലേയ്ക്ക് കണ്ടുകെട്ടി അവരുടെ നഷ്ടോത്തരവാദിത്തിൽ വാഹനം പുനർ ലേലം ചെയ്യുന്നതായിരിക്കും.
7. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 5 ദിവസത്തിനകം ബാക്കി ലേല തുക മുഴുവനും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽലേലം റദ്ദാക്കുന്നതായിരിക്കും.
8. ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്നയാൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും വാഹനത്തിന്റെ ഉടമസ്ഥാവകാശം (ആർ.സി.ട്രാൻസ്ഫർ) സ്വന്തം പേരിൽ മാറ്റേണ്ടതും, പ്രസ്തുത നടപടിക്രമത്തിനു വിധേയമായി വാഹനം സ്വന്തം ഉത്തരവാദിത്തത്തിൽ ഉടൻതന്നെ നീക്കം ചെയ്യേണ്ടതുമാണ്. ഉടമസ്ഥാവകാശം (ആർ.സി.ട്രാൻസ്ഫർ) മാറ്റുന്നതുമായി ബന്ധപ്പെട്ട നടപടികളിൽ ഐ.എം.ജി.യ്ക്ക് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.
9. വാഹനം നിലവിലുള്ള അവസ്ഥയിൽ വിൽക്കുന്നതിനാൽ ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ആയതിനുശേഷം പ്രസ്തുത വാഹനവുമായി ബന്ധപ്പെട്ട യാതൊരു വിഷയങ്ങൾക്കും ഐ.എം.ജി.യ്ക്ക് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.
10. ക്വട്ടേഷൻ നൽകുന്ന വ്യക്തികൾ ലേല ദിവസം നേരിട്ട് ഹാജരാകുന്നില്ലെങ്കിൽ നിരതദ്രവ്യം ഉൾപ്പെടെ വാഹനത്തിന് നിശ്ചയിച്ച തുകയുടെ പകുതി ഡിമാൻഡ് ഡ്രാഫ്റ്റായി (സെക്രട്ടറി, ഐ.എം.ജി., തിരുവനന്തപുരം എന്ന പേരിൽ എടുത്തത്) ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

11 ലേലത്തിൽ പങ്കെടുക്കുന്നവർ ലേല നിബന്ധനകൾ പാലിക്കാതെ പക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല.

12. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം 12 മണിയ്ക്ക് തന്നെ ലേല നടപടികൾ കൈകൊള്ളുന്നതായിരിക്കും . ലേലത്തിൽ ഒന്ന് മുതൽ മൂന്ന് വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിനുശേഷം മാത്രമേ മടക്കി നൽകുകയുള്ളു.

13. യാതൊരു കാരണവും കാണിയ്ക്കാതെ ലേലം/ടെൻഡർ നടപടി റദ്ദ ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ഐ.എം.ജി. ഡയറക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

(ഒപ്പ്)
**സെക്രട്ടറി**
**ഡയറക്ടർക്കു വേണ്ടി**

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ